# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം: **662** — **11.12.2012-ൽ മറുപടിക്ക്**

## എമർജിംഗ് കേരള

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**<br>**ശ്രീ. വി. ശിവൻകുട്ടി**<br>**ശ്രീമതി. കെ.എസ്. സലീഖ**<br>**ശ്രീ. സാജുപോൾ** | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) എമർജിംഗ് കേരളയിലൂടെ എത്ര കോടി രൂപയുടെ എത്ര പദ്ധതി നിർദ്ദേശങ്ങളാണ് വന്നതെന്നും അവയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വ്യക്ത മാക്കുമോ ; | (എ) കേരളത്തിന്റെ സാധ്യതകളും അവസരങ്ങളും ലോകത്തിനു മുന്നിൽ അവതരിപ്പിച്ച് സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ വച്ച് 'എമർജിംഗ് കേരള' സംഗമം സംഘടിപ്പിച്ചത്. വ്യവസായം, ഐടി, അടിസ്ഥാന സൗകര്യ വികസനം, ടൂറിസം, കൃഷി, ഊർജ്ജം, ആരോഗ്യം, സയൻസ് ആന്റ് ടെക്നോളജി, ഉന്നത വിദ്യാഭ്യാസം, തുറമുഖം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്തുന്നതിനായി നിരവധി നിക്ഷേപകരും കമ്പനികളും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയിലാണ്. |
| (ബി) ഇതിൽ ഏതെല്ലാം സ്ഥാപന ങ്ങളുമായി എത്ര കോടി രൂപയുടെ പദ്ധതികളുടെ ധാരണാപത്രം ഒപ്പിടുകയുണ്ടായി | (ബി) എമർജിംഗ് കേരളയിൽ താഴെപ്പറയുന്ന രണ്ട് പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്.<br>1. Capacity Expansion of Refinery Plant and setting up of petrochemical Plant at Kochi by BPCL.<br>2. To implement Advanced Diploma in Automotive Mechatronics (ADAM) Course at Regional Engineering College, Trivandrum. |

| | |
|---|---|
| **(സി)** ഫോക്സ് വാഗൺ കമ്പനി എത്ര കോടി രൂപയുടെ അസംബ്ലിംഗ് യൂണിറ്റിന്റെ നിർദ്ദേശങ്ങളാണ് മുന്നോട്ട് വെച്ചത് ; | **(സി)** ഫോക്സ് വാഗൺ കമ്പനി സർക്കാരിന് ഔദ്യോഗികമായി പദ്ധതി സമർപ്പിച്ചിട്ടില്ല. പ്രാഥമിക ചർച്ചകൾ മാത്രമാണ് നടത്തിയിട്ടുള്ളത്. |
| **(ഡി)** ഫോക്സ് വാഗൺ കമ്പനിയെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് സംഗമത്തിൽ പങ്കെടുത്തത്; | **(ഡി)** ഫോക്സ് വാഗൺ കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറടക്കം രണ്ടു പ്രതിനിധികളാണ് എമർജിംഗ് കേരള സംഗമത്തിൽ പങ്കെടുത്തത്. |
| **(ഇ)** എമർജിംഗ് കേരളയിൽ ഫോക്സ് വാഗൺ കമ്പനി പങ്കെടുത്തിരുന്നില്ല എന്ന കമ്പനി അധികൃതരുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | **(ഇ)** ഇതുസംബന്ധിച്ച് അറിയിപ്പുകളൊന്നും കമ്പനിയുടെ ഭാഗത്തു നിന്നും സർക്കാരിന് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**